# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 524 - 11.06.2013 - ലെ മറുപടിക്ക്**

## സംസ്ഥാന സംരംഭകവികസനമിഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.റ്റി.വി. രാജേഷ് | | ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാന സംരംഭകവികസനമിഷൻ നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | 16.5.2013 ലെ കണക്കുകൾ പ്രകാരം മിഷനിൽ, 1063 സംരംഭകർ ഉൾപ്പെടുന്ന 430 സംരംഭക ഗ്രൂപ്പുകൾക്ക് പരിശീലനം നൽകുകയുണ്ടായി. ഇതിൽ 172 സംരംഭകർ ഉൾപ്പെടുന്ന 73 സംരംഭങ്ങൾ പൂർണ്ണമായും പ്രവർത്തനം ആരംഭിക്കുകയുണ്ടായി. 310 സംരംഭങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലാണ്. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനാനുഭവത്തിന്റെ വെളിച്ചത്തിൽ, മിഷന്റെ പ്രവർത്തനം മികവുറ്റതാക്കാനും കൂടുതൽ സംരംഭകർക്കവസരം നൽകുവാനുമായി, താഴെപ്പറയുന്ന മാറ്റങ്ങൾ നടപ്പിലാക്കി<br>1. യോഗ്യതാ പ്രായം 21-ൽ നിന്നും 18 ആയി കുറച്ചു.<br>2. പഞ്ചായത്തിലെ രജിസ്ട്രേഷൻ നിർബ്ബന്ധമല്ലാതാക്കി.<br>3. സംരംഭകർ താമസിക്കുന്ന പഞ്ചായത്തിൽ തന്നെ സംരംഭങ്ങൾ ആരംഭിക്കണമെന്ന വ്യവസ്ഥയിൽ ഇളവ് വരുത്തി.<br>4. പരിശീലന കാലാവധി 1 മാസത്തിൽ നിന്നും 13 ദിവസമായി കുറച്ചു.<br>5. വാക്-ഇൻ-ഇന്റർവ്യൂ വ്യവസ്ഥ നടപ്പിലാക്കി |
| (ബി) | ഇതുവരെയായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; എത്ര സംരംഭകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; എത്ര രൂപ ചെലവഴിച്ചു; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | 16.5.2013 ലെ കണക്കുകൾ പ്രകാരം 73 സംരംഭങ്ങൾ പൂർണ്ണമായും പ്രവർത്തനം ആരംഭിച്ചു. ഇതിൽ 172 സംരംഭകരാണ് ഉൾപ്പെട്ടിട്ടുള്ളത്.<br><br>31.3.2013 ലെ കണക്കുകൾ പ്രകാരം 6,05,50,466.00 രൂപ (ആറ് കോടി അഞ്ച് ലക്ഷത്തി അമ്പതിനായിരത്തി നാനൂറ്റി അറുപത്തിയാറ് രൂപ) ചെലവായി. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

അക്കൗണ്ട്സ് ഓഫീസർ

**11.06.2013 ൽ ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി മറുപടി പറയേണ്ട നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 524 നൊപ്പമുള്ള അനുബന്ധം**

| നമ്പർ | | പ്രവർത്തനം ആരംഭിച്ച സംരംഭങ്ങൾ | ബന്ധപ്പെട്ട സംരംഭങ്ങൾ | ചെലവ് രൂപയിൽ (31.03.13 പ്രകാരം) |
|---|---|---|---|---|
| | **ഹെഡ് ഓഫീസ്** | N.A | N.A | 5098438 |
| 1 | തിരുവനന്തപുരം | 13 | 28 | 8312320 |
| 2 | കൊല്ലം | 6 | 10 | 3536679 |
| 3 | പത്തനംതിട്ട | 1 | 1 | 1009089 |
| 4 | കോട്ടയം | 7 | 25 | 6498770 |
| 5 | ആലപ്പുഴ | 6 | 9 | 3226885 |
| 6 | എറണാകുളം | 9 | 26 | 5476625 |
| 7 | ഇടുക്കി | 4 | 9 | 2272174 |
| 8 | തൃശ്ശൂർ | 1 | 4 | 2715727 |
| 9 | മലപ്പുറം | 8 | 20 | 6104331 |
| 10 | പാലക്കാട് | 5 | 7 | 2779024 |
| 11 | കോഴിക്കോട് | 5 | 10 | 5326113 |
| 12 | വയനാട് | 3 | 11 | 4004365 |
| 13 | കണ്ണൂർ | 3 | 4 | 1725625 |
| 14 | കാസർഗോഡ് | 2 | 8 | 2464301 |
| | | 73 | 172 | 6,05,50,466 |

N.A Not applicable

അക്കൗണ്ട്സ് ഓഫീസർ